"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ മാലിന്യ സംസ്കരണ പ്ലാന്റിനോടനുബന്ധിച്ച് കുറഞ്ഞ ശേഷിയുള്ള ഒരു പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനു പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്**

G.O.(Rt)No.1568/2020/LSGD തീയതി,തിരുവനന്തപുരം, 24/08/2020

---

പരാമർശം:- 1 പഴയന്നൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17.08.2019-ലെ 10(1() നമ്പർ തീരുമാനം

2 പഴയന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 30.10.2019-ലെ കത്ത്

3 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.01.2020-ലെ 3726/C1/2019/SM നമ്പർ കത്ത്

4 ക്ലീൻ കേരള കമ്പനി മാനേജിങ് ഡയറക്ടറുടെ 17.06.2020-ലെ A30/CKCL/2019 നമ്പർ കത്ത്

**ഉത്തരവ്**

പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മ സേന മുഖേന ശേഖരിക്കപ്പെടുന്ന പ്ലാസ്റ്റിക് മാലിന്യം നിലവിൽ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് സ്ഥാപിച്ചിട്ടുള്ള ഷ്രഡിങ് യൂണിറ്റിൽ ആണ് ഷ്രഡ് ചെയ്യുന്നത്. പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മ സേനയുടെ പ്രവർത്തനംമൂലം 22 വാർഡുകളിൽ നിന്നായി പതിമൂവായിരത്തോളം വീടുകളിൽ നിന്നുള്ള മാലിന്യം ശേഖരിക്കപ്പെടുന്ന സാഹചര്യത്തിൽ പഞ്ചായത്തിൽ നിലവിൽ സ്ഥാപിച്ചു പ്രവർത്തിപ്പിച്ചു വരുന്ന മാലിന്യ സംസ്കരണ പ്ലാന്റിനോട് അനുബന്ധിച്ച് ഷ്രഡിങ് യൂണിറ്റ് കൂടി സ്ഥാപിക്കുന്നത് ഉചിതമായിരിക്കുമെന്നും മേൽ സാഹചര്യത്തിൽ പ്രസ്തുത ഷ്രഡിങ് യൂണിറ്റ് സ്ഥാപിക്കുന്നതിനാവശ്യമായ അനുമതിയും സാമ്പത്തിക സാങ്കേതിക സഹായവും ലഭ്യമാക്കണമെന്നും പഴയന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്) പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽത്തന്നെയുള്ള ചീരക്കുഴി പ്രദേശത്താണ് സ്ഥിതി ചെയ്യുന്നതെന്നും പൊടിച്ച പ്ലാസ്റ്റിക് കൊണ്ടുപോകാതെ കെട്ടിക്കിടക്കുന്നത് കൊണ്ടാണ് താല്ക്കാലികമായി പ്ലാസ്റ്റിക് പൊടിക്കുന്ന പ്രവർത്തനം പ്രസ്തുത യൂണിറ്റിൽ നിർത്തിവച്ചിരിക്കുന്നതെന്നും എന്നാൽ പ്ലാസ്റ്റിക് തരം തിരിച്ച് പുനഃ ചംക്രമണത്തിനായി ഇവിടെ നിന്നും കൈമാറുന്നുണ്ടെന്നും കൂടാതെ പഴയന്നൂർ ബ്ലോക്ക് പരിധിയിലുള്ള വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിൽ നിലവിൽ ഷ്രഡിങ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ടെന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

3. നിലവിൽ പഴയന്നൂർ ബ്ലോക്കിൽ വള്ളത്തോൾ നഗർ പഞ്ചായത്തിലും ചീരക്കുഴിയിലും

രണ്ട് പ്ലാസ്റ്റിക് ഷ്രഡിങ് യൂണിറ്റുകൾ പ്രവർത്തിക്കുന്ന സാഹചര്യത്തിൽ പഴയന്നൂർ ബ്ലോക്കിൽ ഒരു ബെയിലിങ് മെഷീൻ കൂടി സ്ഥാപിക്കുന്നത് ഉചിതമായിരിക്കുമെന്നും ഇതിനാവശ്യമായ ഫണ്ട് ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ടിൽ നിന്നും കണ്ടെത്താവുന്നതാണ് എന്നും ക്ലീൻ കേരള കമ്പനി മാനേജിങ് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന മാലിന്യ സംസ്കരണ പ്ലാന്റിനോടനുബന്ധിച്ച് കുറഞ്ഞ ശേഷിയുള്ള ഒരു പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനു പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
R S KANNAN
SPECIAL SECRETARY

പ്രസിഡന്റ്/ സെക്രട്ടറി,പഴയന്നൂർ ഗ്രാമപഞ്ചായത്ത്
പഞ്ചായത്ത് ഡയറക്ടർ
മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by SMITHA B CHANDRA
Date: 2020.08.24 15:35:18 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്